"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വന്യജീവി വകുപ്പിൽ പുതുതായി 9 ആർ.ആർ.ടി കൾ രൂപീകരിച്ചുകൊണ്ടും, ടി ആർ.ആർ.ടി - കളുടെ നടത്തിപ്പിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.23/2024/F&WLD തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) 13.02.2024, 06.05.2024 തീയതികളിലെ പി6-1080/2024 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മനുഷ്യ-വന്യമൃഗ സംഘർഷം അതിരൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ അത് ലഘൂകരിക്കുന്നതിനായി നിലവിലെ ആർ.ആർ.റ്റി കൾ ശക്തിപ്പെടുത്തുന്നതിനും, പുതുതായി ആർ.ആർ.റ്റി കൾ രൂപീകരിക്കുന്നതിനും, ആയതിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കും, തസ്തികകൾ സൃഷ്ടിക്കുന്നതിനും ആയി പരാമർശത്തിലെ കത്തുകൾ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബജറ്റ് & ഓഡിറ്റ്) വിശദമായ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ നൽകിയതു പ്രകാരം, വനം വന്യജീവി വകുപ്പിൽ 9 ആർ.ആർ.റ്റി-കൾ രൂപീകരിച്ചു കൊണ്ടും, മേൽ ആർ.ആർ.റ്റി.കളുടെ നടത്തിപ്പിനായി 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 9 ഫോറസ്റ്റ് ഡ്രൈവർ, 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സർക്കിൾ | ക്രമ നമ്പർ | ഡിവിഷൻ | ക്രമ നമ്പർ | RRT |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | 1 | തിരുവനന്തപുരം | 1 | പാലോട് |
| | | 2 | പുനലൂർ | 2 | തെന്മല |
| 2 | ഹൈറേഞ്ച് സർക്കിൾ കോട്ടയം | 3 | കോട്ടയം | 3 | എരുമേലി റേഞ്ചിലെ വണ്ടൻപതാൽ |
| | | 4 | മാങ്കുളം | 4 | മാങ്കുളം റേഞ്ചിലെ കടലാർ |
| | | 5 | കോതമംഗലം | 5 | കോതമംഗലം |

| | | | | |
|---|---|---|---|---|
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 6 | ചാലക്കുടി | 6 | പാലപ്പിള്ളി |
| 4 | ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 7 | നെന്മാറ | 7 | കൊല്ലങ്കോട് |
| | | 8 | നിലമ്പൂർ സൗത്ത് | 8 | കാളികാവ് റേഞ്ചിലെ കരുവാരക്കുണ്ട് |
| 5 | നോർത്തേൺ സർക്കിൾ കണ്ണൂർ | 9 | നോർത്ത് വയനാട് | 9 | മാനന്തവാടി |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്), തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം.2191 തീയതി 29.05.2024).

ധനകാര്യ(അഗ്രി-എ) വകുപ്പ് (930490/Agri-A2/141/2018-FIN തീയതി 23.04.2024 പ്രകാരം).

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 31-05-2024 20:58:46

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 29-05-2024**

ഫയൽ നം. എഫ്2/61/2024/വനം.

ഇനം നം: 2191

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിൽ 9 ആർ.ആർ.റ്റി.കൾ രൂപീകരിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത്.

തീരുമാനം : സതേൺ സർക്കിൾ, കൊല്ലത്തിനു കീഴിൽ തിരുവനന്തപുരം, പുനലൂർ ഡിവിഷനുകളിൽ അനുവദിക്കുന്ന ആർ.ആർ.റ്റി.-കൾ യഥാക്രമം പാലോട്, തെന്മല, എന്നീ സ്ഥലങ്ങളിലായിരിക്കും എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2191

**കേരള സർക്കാർ**
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്2/61/2024/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിൽ 9 ആർ.ആർ.റ്റി.കൾ രൂപീകരിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/05/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ് വി.ആർ. |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ. ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21.05.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി. വേണു |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.05.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.05.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.05.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ 9 ആർ ആർ റ്റി-കൾ (റാപ്പിഡ് റെസ്പോൺസ് ടീമുകൾ) രൂപീകരിക്കുന്നതിനും, പ്രസ്തുത 9 ആർ ആർ റ്റി കളിലേക്ക് 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെയും, 9 ഡ്രൈവർമാരുടേയും, 9 പാർട്ട് ടൈം സ്വീപ്പേഴ്സിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതുമാണ് ഈ കുറിപ്പിലെ വിഷയം.

2) വനം വന്യജീവി വകുപ്പ് ഇപ്പോൾ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് മനുഷ്യ-വന്യജീവി സംഘർഷം. പ്രശ്നബാധിത സ്ഥലത്ത് ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ പരിശീലനം സിദ്ധിച്ച വനം ജീവനക്കാരുടെയും വിദഗ്ധരുടെയും സാന്നിധ്യം പ്രശ്നം പരിഹരിക്കുന്നതിനും ബാധിതരായ ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുന്നതിനും ആവശ്യമാണ്.

3) മനുഷ്യ-വന്യമൃഗ സംഘർഷം അതിരൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിലെ ആർ ആർ റ്റി കൾ ശക്തിപ്പെടുത്തുന്നതിനും, പുതുതായി 13 ആർ ആർ റ്റി കൾ രൂപീകരിക്കുന്നതിനും, ആയതിനു ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കും, തസ്തികകൾ സൃഷ്ടിക്കുന്നതിനും ശിപാർശ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) സമർപ്പിച്ചിരുന്നു. 21 ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, 54 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 21 ഫോറസ്റ്റ് ഡ്രൈവർ, 21 പി ടി എസ് തസ്തികകൾ സൃഷ്ടിക്കാൻ ആണ് ശിപാർശ ചെയ്തിരുന്നത്. ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സാമ്പത്തിക ബാധ്യത ഇല്ലാതെ അപ്ഗ്രേഡ് ചെയ്യാവുന്നതാണ് എന്നും, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ തസ്തികകൾ റീ ഡിപ്ലോയ് ചെയ്യാവുന്നതാണ് എന്നും ശിപാർശ ചെയ്യുകയുണ്ടായി.

4) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന റിമാർക്സ് ലഭ്യമാക്കുകയുണ്ടായി .

*'സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ അധിക*

സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിക്കാനാവില്ല എന്നിരിക്കിലും സംസ്ഥാനത്തിന്റെ വനാതിർത്തികളിൽ മനുഷ്യന്റെ സൈ്വര ജീവിതത്തിന് ഭീഷണിയാകും വിധം വന്യജീവി ആക്രമണങ്ങൾ ഉണ്ടാകുന്ന എന്ന വസ്തുത കണക്കിലെടുത്ത് ഭരണ വകുപ്പ് ശുപാർശ ചെയ്തിരിക്കുന്ന 13 RRT കളിൽ ഏറ്റവും അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ 9 RRT കൾ അനുവദിക്കുന്നതിന് അനുമതി നൽകുന്നു. പ്രസ്തുത RRT കളിലേക്ക് ആദിവാസി വിഭാഗത്തിൽ നിന്നും പരിശീലനം നൽകി വരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ഷിഫ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ അഡീഷണൽ ചാർജ്ജ് നൽകി നിയമിക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ പ്രസ്തുത 9 RRT കളിലേക്ക് 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെയും 9 ഡ്രൈവർമാരുടേയും, 9 പാർട്ട് ടൈം സ്വീപ്പേഴ്സിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. നിലവിൽ ഏറ്റവും വ്യാപകമായി മനുഷ്യ മൃഗസംഘർഷം നടക്കുന്ന മേഖലയിൽ ഉപയോഗിക്കുന്നതിലേക്ക് പ്ലാൻ ഫണ്ടിൽ 4406-01-101-99-01 Forest Protection ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി 9 വാഹനങ്ങൾ വാങ്ങുന്നതിന് (10 ലക്ഷം രൂപയിൽ താഴെ വില നിശ്ചയിച്ച്) 09.11.2022 ലെ സ.ഉ. (കൈ)നം.200/2022/ധന.-യിൽ ഇളവ് വരുത്തി അനുമതി നൽകാവുന്നതാണ്. RRT കളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് സഹിതം, ഏത് ശീർഷകത്തിൽ നിന്നുമാണ് തുക അനുവദിക്കേണ്ടതെന്നുൾപ്പെടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു'.

ഇതിന് competent authority യുടെ അംഗീകാരം ഉണ്ട്.

MCC norms കൃത്യമായി പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5) പുതുതായി രൂപീകരിക്കേണ്ട 9 ആർ ആർ റ്റി കൾ സംബന്ധിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്) ലഭ്യമാക്കിയ ശിപാർശ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

| ക്രമ നമ്പർ | സർക്കിൾ | ക്രമ നമ്പർ | ഡിവിഷൻ | ക്രമ നമ്പർ | RRT |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | 1 | തിരുവനന്തപുരം | 1 | തിരുവനന്തപുരം സിറ്റി (PTP നഗർ) |
| | | 2 | പുനലൂർ | 2 | കൊല്ലം സിറ്റി |
| 2 | ഹൈറേഞ്ച് സർക്കിൾ കോട്ടയം | 3 | കോട്ടയം | 3 | എരുമേലി റേഞ്ചിലെ വണ്ടൻപതാൽ |
| | | 4 | മാങ്കുളം | 4 | മാങ്കുളം റേഞ്ചിലെ കടലാർ |
| | | 5 | കോതമംഗലം | 5 | കോതമംഗലം |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 6 | ചാലക്കുടി | 6 | പാലപ്പിള്ളി |
| 4 | ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 7 | നെന്മാറ | 7 | കൊല്ലങ്കോട് |
| | | 8 | നിലമ്പൂർ സൗത്ത് | 8 | കാളികാവ് റേഞ്ചിലെ കരുവാരക്കുണ്ട് |
| 5 | നോർത്തേൺ സർക്കിൾ കണ്ണൂർ | 9 | നോർത്ത് വയനാട് | 9 | മാനന്തവാടി |

6) തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായി വരുന്ന വാർഷിക സാമ്പത്തിക ബാധ്യത ചുവടെ ചേർക്കുന്നു .

**<u>സെക്ഷൻ ഫോറസ്റ്റ് ഓഫീസർ</u>**

**<u>ശമ്പള സ്കെയിൽ – 37,400 – 79,000</u>**

| | |
|---|---|
| ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിമാസ സാമ്പത്തിക ബാദ്ധ്യത | Rs. 43,430/- |

| | |
|---|---|
| 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത | **Rs. 46,90,440/-** |

**ഫോറസ്റ്റ് ഡ്രൈവർ**

**ശമ്പള സ്കെയിൽ - 26,500 - 60,700**

| | |
|---|---|
| ഒരു ഫോറസ്റ്റ് ഡ്രൈവർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിമാസ സാമ്പത്തിക ബാദ്ധ്യത | Rs. 30,305/- |
| 9 ഡ്രൈവർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത | **Rs.32,72,940 /-** |

**പാർട്ട് ടൈം സ്വീപ്പർ**

**ശമ്പള സ്കെയിൽ - 11,500 - 18,940**

| | |
|---|---|
| ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിമാസ സാമ്പത്തിക ബാദ്ധ്യത | Rs. 12,655/- |
| 9 പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത | **Rs.13,66,740 /-** |

**ആകെ സാമ്പത്തിക ബാധ്യത - Rs.93,30,120/-**

7) വനം വന്യജീവി വകുപ്പിലെ ഡ്രൈവർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിന്റെ കാലാവധി 07.06.2024 ൽ അവസാനിക്കുകയാണ്.

8) ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ നൽകിയതു പ്രകാരം വനം വന്യജീവി വകുപ്പിൽ 9 ആർ ആർ റ്റി - കൾ രൂപീകരിക്കുന്നതിനും, പ്രസ്തുത 9 ആർ ആർ റ്റി - കളിലേക്ക് തസ്തികകൾ (9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 9 ഫോറസ്റ്റ് ഡ്രൈവർ, 9 പാർട്ട് ടൈം സ്വീപ്പർ) സൃഷ്ടിക്കുന്ന വിഷയം മന്ത്രി സഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | സർക്കിൾ | ക്രമ നമ്പർ | ഡിവിഷൻ | ക്രമ നമ്പർ | RRT |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ കൊല്ലം | 1 | തിരുവനന്തപുരം | 1 | തിരുവനന്തപുരം സിറ്റി (PTP നഗർ) |
| | | 2 | പുനലൂർ | 2 | കൊല്ലം സിറ്റി |
| 2 | ഹൈറേഞ്ച് സർക്കിൾ കോട്ടയം | 3 | കോട്ടയം | 3 | എരുമേലി റേഞ്ചിലെ വണ്ടൻപതാൽ |
| | | 4 | മാങ്കുളം | 4 | മാങ്കുളം റേഞ്ചിലെ കടലാർ |
| | | 5 | കോതമംഗലം | 5 | കോതമംഗലം |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 6 | ചാലക്കുടി | 6 | പാലപ്പിള്ളി |
| 4 | ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 7 | നെന്മാറ | 7 | കൊല്ലങ്കോട് |
| | | 8 | നിലമ്പൂർ സൗത്ത് | 8 | കാളികാവ് റേഞ്ചിലെ<br><br>കരുവാരക്കുണ്ട് |
| 5 | നോർത്തേൺ സർക്കിൾ കണ്ണൂർ | 9 | നോർത്ത് വയനാട് | 9 | മാനന്തവാടി |

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. ഖണ്ഡിക 8-ൽ നല്കിയിട്ടുള്ള സ്ഥലങ്ങളിൽ 9 ആർ.ആർ.റ്റി.കൾ രൂപീകരിക്കുന്നതിന് അനുമതി നൽകാമോ ? എങ്കിൽ എവിടെയെല്ലാം ?

2. മേൽ ആർ.ആർ.റ്റി.കളുടെ നടത്തിപ്പിനായി 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 9 ഫോറസ്റ്റ് ഡ്രൈവർ, 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ ?